
Z
'ACADEMIA आज़ादी ആനന്ദം'

# Our Founders



Sri. K. Parthsarathi Iyengar Sri. V.Sundararaj Naidu


Protect Nature
TDT
8 BRUTAL DAYS
WE CAN FLY AWAY TO OUR PLACE OF HIGH
വിടരുന്നതിനു മുമ്പേ
നിന്നെ അവർ പറിച്ചെടു-
ത്തെങ്കിൽ

I am very much happy that our college magazine “Z” for the year 2025-26 is brought out by the college students’ union. *Z* is a celebration of the creativity, talent, and youthful spirit of our students. It provides a meaningful platform for them to express their thoughts, share their ideas, showcase their talents, and give shape to their aspirations. Through its pages, the magazine brings together different voices, perspectives, and creative expressions, making it a reflection of the vibrant life of our institution. The publication is also a result of the sincere efforts, cooperation, and dedication of our students and the editorial board, whose hard work has given form to this magazine. I extend my heartfelt congratulations to the Editor Anaswara Johnson and the entire team, and place on record my special appreciation for Dr. Karthika R., Assistant Professor, Department of English, and Staff Editor of the magazine, for her valuable guidance and dedicated efforts in bringing *Z* to reality. May *Z* continue to inspire our students to think freely, write creatively, share their ideas with confidence, and discover the joy of expressing themselves.

P. Krishnakumar

Manager



It gives me immense pleasure to pen a few words for **Z**, the college magazine brought out by the Students' Union of Sanatana Dharma College, Alappuzha, for the academic year 2025–26.

A college magazine is much more than a collection of writings and photographs. It is a reflection of the vibrant life of a campus—a space where the thoughts, dreams, creativity, talents and experiences of young minds find expression. *Z* provides our students with an opportunity to explore their creative potential, share their perspectives and celebrate the diverse experiences that make campus life memorable.

I am happy to note that this magazine has been brought out through the sincere efforts and collective spirit of our students. I congratulate Ms. Anaswara Johnson, Magazine Editor, and Dr. Karthika R.Assistant Professor, Department of English and Staff Editor, for their dedication and commitment in bringing this publication to fruition. I also appreciate the contributions of all students, teachers and members of the Students' Union who have supported this endeavour.

As an institution, we believe that education extends beyond classrooms and examinations. Participation in literary, artistic, cultural and social activities helps students develop confidence, creativity, empathy and a sense of responsibility. I hope *Z* will preserve some of these cherished moments and serve as a lasting reminder of the enthusiasm and spirit of this generation of students.

May this magazine become a proud reflection of the intellectual and creative spirit of Sanatana Dharma College.

Prof. (Dr.) Prabhakaran Nair V.R.

Principal



**'Z'** ഒരു അക്ഷരം മാത്രമല്ല,
ഒരു തലമുറയുടെ ശബ്ദമാണ്.

അറിവിന്റെ ലോകത്ത് പുതിയ ചിന്തകൾക്കും
സ്വപ്നങ്ങൾക്കും ചിറകുനൽകുന്നൊരു
സർഗാത്മക വേദിയാകട്ടെ **'Z'.**
അക്കാദമിക മികവിനൊപ്പം സ്വാതന്ത്ര്യത്തിന്റെ
ചിന്തയും യുവത്വത്തിന്റെ ആനന്ദവും ഇതിന്റെ
ഓരോ താളിലും നിറയട്ടെ.
വിദ്യാർത്ഥികളുടെ കഴിവുകളും
കാഴ്ചപ്പാടുകളും പ്രതിഫലിപ്പിക്കുന്ന ഒരു
മനോഹരമായ ഓർമ്മപ്പതിപ്പായി **'Z'** മാറട്ടെ.
ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച
ഓരോരുത്തർക്കും ഹൃദയം നിറഞ്ഞ
അഭിനന്ദനങ്ങളും ആശംസകളും.



**സ്നേഹപൂർവ്വം,**
**ജിത്ത്. ജെ**
**സ്റ്റാഫ് അഡ്വൈസർ,**
**ജ്വാല കോളേജ് യൂണിയൻ**

"ആകാശം പോലും ഇപ്പോൾ ഡിജിറ്റലാണ്. നമ്മുടെ സ്വപ്നങ്ങൾക്കെല്ലാം പുത്തൻ സോഫ്റ്റ്‌വെയറിന്റെ വേഗതയുണ്ട്." മലയാളത്തിലെ ആദ്യ **Gen Z** നോവൽ എന്നവകാശപ്പെടുന്ന വിനോയ് തോമസിന്റെ 'ആകാശവിസ്മയ'ത്തിലെ വാചകങ്ങൾ ഒരോർമ്മപ്പെടുത്തലാണ്.

യഥാർത്ഥ ജീവിതവും സ്ക്രീൻ ജീവിതവും തമ്മിലുള്ള നേർത്ത അതിർവരമ്പുകളിലെ യാത്രകളിൽ സോഷ്യൽ മീഡിയയിലെ ലൈക്കും ഷെയറും തരുന്ന സംതൃപ്തിയിൽ മേവുന്ന 'സൂമേഴ്സ്' അഥവാ 'ജെൻ ഇസഡ് '**(Gen Z).** ചരിത്രവും ഭൂതകാലവും വിസ്മൃതിയിലാക്കി തിന്നും കുടിച്ചും സന്തോഷിച്ചും 'ദിവസം പിടിച്ചടക്കി' അരങ്ങത്തുള്ള സിഗ്മ തലമുറയുടെ സ്വതന്ത്രതാ ബോധത്തിന്റെ വരമൊഴികളാണ് **'Z'** എന്ന ഈ മാഗസിനിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഭാവി വർത്തമാന യുഗങ്ങളുടെ മട്ടുപ്പാവിൽ വേരൂന്നി വിജ്ഞാനത്തിന്റെയും **(academia)**സ്വാതന്ത്ര്യത്തിന്റെയും **(**आज़ादी**)** സന്തോഷത്തിന്റെയും **(**ആനന്ദം**)** വാതായനങ്ങൾ തുറക്കുന്ന ജെൻ  ഇസഡിന്റെ തുറന്നു പറച്ചിലുകൾ അനഭിലഷണീയ മാമൂലുകൾ തച്ചുടച്ച് പുതുസാമൂഹിക വിപ്ലവങ്ങൾക്ക് വഴിതുറക്കട്ടെ എന്നാശംസിക്കുന്നു. **'Z'** നിങ്ങളുടെ വായനകൾക്കും വിമർശനങ്ങൾക്കുമായി സമർപ്പിക്കുന്നു.

**ഡോ. കാർത്തിക ആർ,**
**സ്റ്റാഫ് എഡിറ്റർ.**



കലാലയ ജീവിതം എന്നത് വെറുമൊരു
പഠനകാലമല്ല,
സൗഹൃദങ്ങളുടെ മധുരവും, സ്വപ്നങ്ങളുടെ
നിറവും,
ഓർമ്മകളുടെ മനോഹാരിതയും നിറഞ്ഞ
ജീവിതത്തിലെ
ഏറ്റവും മനോഹരമായ ഒരു അധ്യായമാണ്.

ചിരികളിലും കണ്ണീരിലും, വിജയങ്ങളിലും
പരാജയങ്ങളിലും
ഒപ്പം നിന്ന കൂട്ടുകാരും അധ്യാപകരും സമ്മാനിച്ച
മറക്കാനാവാത്ത നിമിഷങ്ങളാണ് കലാലയ
ജീവിതം.

ഓർമ്മകൾ മായില്ല...
സൗഹൃദങ്ങൾ അവസാനിക്കില്ല...
കലാലയ ജീവിതം എന്നും ഹൃദയത്തിൽ
ജീവിക്കും! ✨

**ആശംസകളോടെ,**
**നെൽസൺ സെബാസ്റ്റ്യൻ**
**ചെയർമാൻ**
**ജ്വാല കോളേജ് യൂണിയൻ**



അക്ഷരങ്ങൾ ചിന്തകളായി മാറുകയും, ചിന്തകൾ സർഗ്ഗാത്മകതയുടെ നിറങ്ങളായി പിറവിയെടുക്കുകയും ചെയ്യുന്നിടമാണ് ഒരു കലാലയ മാഗസിൻ. ജ്വാല കോളേജ് യൂണിയൻ **2025–26-**ന്റെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന ഈ മാഗസിൻ, നമ്മുടെ കലാലയ ജീവിതത്തിന്റെ ഓർമ്മകളെയും സ്വപ്നങ്ങളെയും കഴിവുകളെയും ഒരേ താളിൽ ചേർത്തുവയ്ക്കുന്ന ഒരു മനോഹരമായ ഓർമ്മപ്പുസ്തകമാകട്ടെ.

ഓരോ പേജിലും നമ്മുടെ സൗഹൃദത്തിന്റെ ചൂടും, യുവത്വത്തിന്റെ ആവേശവും, ചിന്തകളുടെ തീക്ഷ്ണതയും നിറയട്ടെ. ഇന്ന് വായിക്കുന്ന ഈ വരികൾ നാളെ തിരിഞ്ഞുനോക്കുമ്പോൾ നമ്മുടെ കലാലയ ജീവിതത്തിന്റെ ഏറ്റവും മനോഹരമായ ഓർമ്മകളായി മാറട്ടെ.
**Z—** ഒരു തലമുറയുടെ ചിന്തകൾക്കും
സ്വപ്നങ്ങൾക്കും ശബ്ദം നൽകുന്നൊരു വേദിയാണ്
കാലത്തിന്റെ മാറ്റങ്ങളെ ചേർത്തുപിടിച്ചും,
സ്വന്തം കാഴ്ചപ്പാടുകളുടെ തനിമ കാത്തുസൂക്ഷിച്ചും
പുതിയ ചിന്തകളിലേക്കും പുതിയ സാധ്യതകളിലേക്കും
നമ്മെ നയിക്കട്ടെ **Z.**

അക്ഷരങ്ങൾ ആശയങ്ങളാകട്ടെ,
ആശയങ്ങൾ മാറ്റങ്ങളാകട്ടെ,
അങ്ങനെ അവ അനശ്വരമാകട്ടെ.

**സ്നേഹപൂർവ്വം**
**അനശ്വര. ജോൺസൺ**
**മാഗസിൻ എഡിറ്റർ**



Gen Z എന്നത് ഒരു തലമുറയെ വിശേഷിപ്പിക്കാൻ സമൂഹം നൽകിയ വെറുമൊരു പേരല്ല. അവരെ നിസ്സാരവത്കരിച്ചും, അവരുടെ ചോദ്യങ്ങളെ അവഗണിച്ചും, അവരുടെ ശബ്ദങ്ങളെ നിയന്ത്രിച്ചും വന്ന ഒരു കാലഘട്ടത്തോടുള്ള യുവതയുടെ രാഷ്ട്രീയ മറുപടിയാണ്.

അധികാരത്തോട് ചോദ്യം ചോദിക്കാൻ മടിക്കാത്തവർ.

അനീതിയെ 'ഇങ്ങനെയൊക്കെയാണ്' എന്ന് പറഞ്ഞ് സാധാരണവത്കരിക്കാൻ തയ്യാറാകാത്തവർ.

നിശ്ചയിച്ച അതിരുകൾക്കുള്ളിൽ മാത്രം ജീവിക്കണമെന്ന് പറയുന്ന അധികാരഘടനകളെ ചോദ്യം ചെയ്യുന്നവർ.

നിശ്ശബ്ദതയെ അനുസരണയായി കാണുന്നവരോട്, സംസാരിക്കാനുള്ള അവകാശം തന്നെ ഒരു രാഷ്ട്രീയ നിലപാടാണെന്ന് ഓർമ്മിപ്പിക്കുന്നവർ.അതിനാൽ 'Z' എന്നത് ഒരു അക്ഷരം മാത്രമല്ല.ചോദ്യം ചെയ്യാനുള്ള ധൈര്യത്തിന്റെയും, പ്രതിഷേധിക്കാനുള്ള അവകാശത്തിന്റെയും, പ്രതിരോധിക്കാനുള്ള രാഷ്ട്രീയ ബോധത്തിന്റെയും ഓർമ്മപ്പെടുത്തലാണ് 'Z'.

സ്നേഹപൂർവ്വം

എഡിറ്റോറിയൽ ബോർഡ്

# Z

' Academia आज़ादी ആനന്ദം'

# തണൽ

നിനക്ക് തണലേകിയിരുന്നവർ എവിടെ?

നിനക്ക് കരുതലായി നിന്നവർ, എവിടെ?

അവർ ഇന്ന് മറ്റ് ആരുടെയൊക്കെയോ

യന്ത്രങ്ങളായി തീർന്നു......

നോവുകൾ കാർന്ന് തിന്നുമ്പോഴും

മൗനിയായിരുന്നവരെ

ഓർക്കേ എത്ര വിഡ്ഢി

ഞാൻ എന്ന് ഓർത്തുപോയി

....

നിനക്ക് തണൽ നൽകേണ്ടിയിരുന്ന

കരങ്ങൾക്കിതെന്തുപറ്റി !

മിഴിയിൽ നിന്നും ഊർന്നിറങ്ങുന്ന

മിഴിനീർ അവരുടെ മൗനത്തെ

കുറിച്ചോർത്തോ

അതോ അവരെ

അങ്ങനെയാക്കി തീർത്തവരോടുള്ള

അരിശമോ ?



ഭദ്ര സുനിൽ

II BA MALAYALAM

# അഗ്നി.....

ഒറ്റയ്ക്ക് സഞ്ചരിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. പ്രത്യേകിച്ച് കുടുംബമെന്ന സ്നേഹത്തിന്റെ തണലിൽ നടന്നവർക്ക്.... വാത്സല്യം ആവോളം ലഭിക്കുന്നവർക്ക്...* ഓരോരുത്തരുടേയും സാഹചര്യങ്ങളാണ് അവരുടെ ഭാവം വ്യതിചലിപ്പിക്കുന്നത്...

ഒരു മനുഷ്യനും ഒരിക്കലും ജീവിതാവസാനം വരെ കൂട്ടുകാണണമെന്നില്ല, കാരണം വിധിയുടെ വിളയാട്ടം നമ്മുടെ തലവര തന്നെ മാറ്റിവരച്ചേക്കാം... അതുകൊണ്ടു തന്നെ സ്ത്രീയായാലും പുരുഷനായാലും .. കർത്തവ്യബോധമുള്ള മനുഷ്യനാകുക...

ഉചിതമായി തീരുമാനമെടുക്കാൻ കെല്പുള്ളവരാകുക... കാരണം ഇത് നവയുഗമാണ്. ഈ യുഗത്തിൽ പൂച്ചക്കുട്ടിൾക്കു സ്ഥാനമില്ല...

എല്ലാവരും മത്സരിക്കുമ്പോൾ നമ്മളും തളരാതെ പോരാടണം..
നമ്മുടെ  കണ്ണനീരിന്റെ സ്ഥാനത്ത് ശുഭാപ്തിവിശ്വാസത്തിന്റെ അഗ്നിനാളങ്ങൾ നാം ജ്വലിപ്പിക്കണം...എങ്കിലേ മുന്നോട്ടുള്ള ഇരുണ്ട വഴികളിൽ നമ്മുടെ കണ്ണുകൾ നമുക്ക് വെളിച്ചം പകരൂ... നമുക്ക് നമ്മുടെ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിയൂ !

ഈ കാണുന്ന ലോകം കാണും നമുക്കു തണലായി...മനസ്സിൽനിന്ന് നിരാശയെ ഉന്മൂലനം ചെയ്യൂ... അവിടെ അഗ്നിജ്വലിപ്പിച്ചു ഒറ്റയാനായി മുന്നേറൂ... വിജയം നിങ്ങളെ തേടി വരും...



GOWRI

1ST YEAR ENGLISH LITERATURE

യഥാർത്ഥ്യങ്ങൾക്കും സ്വപ്നങ്ങളും ഒപ്പം ജീവിത

യാത്രകൾ തുടരുന്നു..

## “അവൾ"

ഉത്തരവാദിത്വങ്ങളുടെ ഇടയിലും

രണ്ട് കുഞ്ഞുങ്ങളുടെ ചിരി ചേർത്ത്

സ്വപ്നങ്ങളും കൈയിൽ പിടിച്ച്

വീണ്ടും പഠിക്കാൻ പോകുന്ന ഒരാൾ.

പ്രായം തടസ്സമായില്ല,

ക്ഷീണം കാരണം ആയില്ല.

എന്നും കൂടെ നിൽക്കുന്ന കുടുംബത്തിനും,

വഴികാട്ടി നിൽക്കുന്ന അധ്യാപകർക്കും,

ധൈര്യം നൽകുന്ന പടച്ചോനും —

ഹൃദയം നിറഞ്ഞ നന്ദി. ✨



ഫാത്തിമ സലിം

2ND YEAR MICROBIOLOGY

# നീ

നീറുന്ന രാവിൽ നിഴലായി വന്നയാൾ

നീ തൊട്ടപൊട്ടിൻ നിറമേതെന്ന് ചൊന്നയാൾ

നീയെന്ന ഭാവത്തെ നീക്കുവാൻ വന്നയാൾ

നീ നോക്കി നിൽക്കെ നിന്നോടകന്നായാൾ

നീ ചോന്ന ചോദ്യത്തെ ബാക്കി ആക്കയാൽ

ചോദിക്കു ഒരുവട്ടം ആരാനയാൾ.?



സീതലക്ഷ്മി എം.കെ

2ND YEAR Bsc Zoology

🗣 : സനാതനത്തിന്റെ മണ്ണിനോട്"

നിനക്കെന്താ ഇത്ര പ്രത്യേകത ഉള്ളത്?

പടിയിറങ്ങി പോയവരൊക്കെയും നിന്നിലേക്ക് ഒന്നു കൂടി തിരിച്ചു വന്നിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുന്നത് എന്തിനാ?

സനാതനം: അവർ കാലത്തിൻ്റെ വേഗതയിൽ പടിയിറങ്ങേണ്ടി വന്നവരാണ് .

ഒരിക്കലും പോകുവാൻ ആഗ്രഹിച്ചിരുന്നവരല്ല .....

' എന്നിൽ വന്നു പോയവരുടെ കൂട്ടത്തിൽ നാളെ നീയും അവശേഷിക്കും!

എങ്കിലും നിനക്ക് ഈ സനാതനത്തിനെ മറക്കുവാൻ കഴിയുമോ?

നീ തിരിച്ചു വരുന്ന ആ ദിവസം സനാതനത്തിന്റെ മണ്ണും, വരാന്തയുമെല്ലാം നിന്നോട് സംസാരിക്കും.

" നീ ജീവിച്ചു തീർത്ത് നിൻ്റെ കലാലയ ജീവിതത്തെക്കുറിച്ച്....

🗣 : നീ പറഞ്ഞതുപോലെ നാളെ ഞാനും നിന്നിൽ നിന്ന് പടിയിറങ്ങും. തിരിച്ചുവരുന്ന ആ ദിവസം എന്തായിരിക്കും എൻ്റെ മനസ്സിലുള്ള ഉണ്ടാവുക ?

സന്തോഷമോ, സങ്കടമോ, അതോ ഒന്നുകൂടി തിരിച്ചു കിട്ടിയിരുന്നെങ്കിൽ എന്നുള്ള ആഗ്രഹമോ?

അറിയില്ല, എങ്കിലും ഒന്ന് പറഞ്ഞുകൊള്ളട്ടെ

" ഓർക്കുവാൻ ഒരുപിടി നല്ല ഓർമ്മകൾ എനിക്ക് നേടാനായി എന്ന സന്തോഷത്തോടെ സനാതനത്തിന്റെ മണ്ണിൽ നിന്ന് പടിയിറങ്ങാൻ നമുക്ക് സാധിക്കട്ടെ !



മിസ്രിയ

2ND YEAR BSC Zoology

# വിട

നിന്നെ തിരയാത്ത ഓർമ്മയ്ക്ക്
പോലും
പിടികൊടുക്കാതെ അകന്നു നീങ്ങി
ഉണരാത്ത സ്വപ്നത്തിനകലാത്ത
വേദന
തന്നു സമ്മാനിച്ചതെന്തിനാവോ...
ശാപമീ വേദന മാത്രമല്ലോ,
പുഞ്ചിരി തൂകാനായി നീ വരില്ല
വിട്ടുപിരിയുകയാണെന്നറിയാതെ
വാക്കുകൾ തന്നു നീ പോയതല്ലേ
ഏറെ പ്രതീക്ഷയും നെഞ്ചിലേറ്റി
ഭാരങ്ങളൊക്കെ അകറ്റിവെച്ച
നീ തന്ന ഓർമ്മകൾ
കൂടെയുണ്ടായിട്ടും
നിന്നെ ഓർക്കാത്ത ദിനങ്ങളില്ല.
മരണത്തിനപ്പുറം
അകലെയാണെങ്കിലും
ജന്മജന്മാന്തരം നിന്നിലല്ലോ
ബാല്യത്തിൽ പങ്കുവെച്ചോരോ
ദിനങ്ങളും
കണ്ണിൽ മുഖാന്തരം കണ്ടുവല്ലോ
വിടചൊല്ലി പോകുവാൻ
വന്നതാണോ നീ
അകലാത്ത വേദന തന്നുകൊണ്ടോ
ദൂരെയ്ക്ക് പോവുകയാണെന്നറിഞ്ഞിട്ടും
ഒരു നോക്കു കാണുവാൻ വന്നതില്ല
ഇനി നിന്നരികിലേക്കെത്തിടില്ല
വിടചൊല്ലി അകലേക്ക് പോയിടുന്നു
ഇനി നിന്നരികിലേക്കെത്തിടില്ല
വിടചൊല്ലി അകലേക്ക് പോയിടുന്നു




അഞ്ജന മധു

2ND YEAR BA HISTORY

# യാത്ര!!

രാത്രിയുടെ നിശബ്ദതയിൽ അപ്പു വീടിന്റെ മുൻവാതിൽ തുറന്നത് പോലും അല്പം ഭയന്നിട്ടാണ്. അച്ഛൻ എങ്ങാനും ഉണർന്നാൽ തീർന്നു.... ജീവിതത്തിൽ ആദ്യമായി ആരോടും പറയാതെ ഒരു ലോങ്ങ് ഡ്രൈവ് പോകാനായി ഇറങ്ങുകയാണ് അപ്പു.... ചെറുപ്പത്തിൽ എടുത്ത തീരുമാനമാണ്, ഒരിക്കൽ ഇങ്ങനെ ഒരു യാത്ര പോകണം എന്നത്... എന്നാൽ യാത്രയെ കുറിച്ച് അറിയുന്ന ഒരാൾ ആ വീട്ടിൽ തന്നെ ഉണ്ട് "അമ്മു " - അപ്പുവിന്റെ സ്വന്തം കുഞ്ഞനിയത്തി ....

അമ്മുവിനായിരുന്നു അന്ന് രാത്രി കതകുതടക്കാനുള്ള ചുമതല നൽകിയിയത്... "എട്ടാ ഞാനും വരട്ടെ?" അമ്മു നിനക്ക് ചിണുങ്ങി... "എട്ടൻ ആദ്യമായിട്ടല്ല അമ്മു.... എട്ടൻ പോടിയാ... അടുത്ത പ്രാവശ്യം എട്ടൻ ഏതായാലും മോളെ കൊണ്ടുപോവാം.. ട്ടോ.." അമ്മുവിനെ സമാധാനിപ്പിച്ച് പതിയെ ബൈക്കുമായി അവൻ ഇറങ്ങി... അമ്മുവിന്റെ കണ്ണ് നിറഞ്ഞാൽ അവന് സഹിക്കില്ല.

"ചെറുപ്പം മുതലുള്ള ഒരാഗ്രഹം ആയിരുന്നു ഈ ഒരു നൈറ്റ് ഡ്രൈവ്... അധികം ദൂരം ഒന്നുമില്ല, ചെറുതായിട്ട് ഒന്ന് തമിഴ്നാട് പിന്നെ ജസ്റ്റ് ഒന്ന് കർണാടക. പിന്നെ ദേ ... ഞാനിങ്ങ് എത്തി .. അമ്മേ വെറുതെ ടെൻഷൻ ഒന്നും അടിക്കരുത്...."

അപ്പു ശാന്തമായി ബൈക്കിൽ യാത്ര ചെയ്യുകയാണ്. എന്നാൽ ഫോണിലേക്ക് തുടുതുടരെ കോളുകൾ വന്നുകൊണ്ടിരുന്നു... തന്നെ കാണാഞ്ഞിട്ട് വീട്ടിൽ നിന്നുള്ള വിളിയാണെന്ന് മനസ്സിലാക്കിയ അപ്പു കോളുകൾ അറ്റൻഡ് ചെയ്യാൻ നിന്നില്ല... ഫോൺ സൈലന്റ് മോഡിലേക്ക് മാറ്റി വീണ്ടും യാത്ര തുടർന്നു....

രാവിലെ ആറ് മണിയോടടുത്ത് അവൻ തമിഴ്നാട്ടിൽ എത്തി. മഴക്കാലം ആയതിനാൽ നല്ല തണുപ്പുണ്ട്... അപ്പുവിന്റെ കൈകൾ ഒക്കെ വിറയ്ക്കാൻ തുടങ്ങി.... അവൻ നേരെ അടുത്തുണ്ടായിരുന്ന ഒരു ചായക്കടയിൽ വണ്ടി നിർത്തി, "അണ്ണാ ഒരു ടീ..." ചായ പറഞ്ഞ് ടേബിളിലേക്ക് ഇരുന്നു കൊണ്ട് അവന്റെ ഫോൺ എടുത്തു.... അൻപതിലധികം മിസ്ഡ് കോളുകൾ....

പെട്ടെന്നാണ് അവൻ ഒരു കാര്യം ശ്രദ്ധിച്ചത്... അതിൽ ഒന്നുപോലും അവന്റെ അച്ഛന്റെയോ അമ്മയുടെയോ നമ്പറുകൾ ഇല്ല.... അതിലധികവും ഉണ്ടായിരുന്നത് നാട്ടുകാരുടേയും കൂട്ടുകാരുടേയും ആണ്... അപ്പുവിന്റെ

മനസ്സിലൂടെ എന്തൊക്കെയോ ചിന്തകൾ കടന്നുപോയി.... പെട്ടെന്നാണ് ചായക്കടയിലെ ടിവിയിലെ വാർത്ത അവൻ ശ്രദ്ധിക്കുന്നത്.... അപ്പുവിന്റെ കൈകൾ വിറക്കുവാൻ തുടങ്ങി... കയ്യിലെക്ക് നീട്ടിയ ചായ ഗ്ലാസ് പോലും അവൻ വാങ്ങുവാൻ സാധിക്കുന്നുണ്ടായിരുന്നില്ല.....

ഇപ്രാവശ്യം അത് തണുപ്പ് കൊണ്ടായിരുന്നില്ല.... അവൻ വേഗം ഫോൺ എടുത്ത് വന്ന നമ്പറുകളിലേക്ക് തിരിച്ചു വിളിക്കാൻ തുടങ്ങി. അതിൽ ആദ്യത്തെ ഒരു കോൾ അറ്റൻഡ് ചെയ്തു... കോളിന്റെ മറു തലയിൽ നിന്ന് കേട്ടത് നിലവിളി മാത്രമായിരുന്നു. "എല്ലാം പോയെടാ...."

അപ്പു ആകെ തകർന്നു പോയി. അവൻ ആ ചായക്കടയിലെ ടിവിയിലേക്ക് ഒന്നുകൂടി നോക്കി.... "കേരളത്തിലെ ഒരു ഗ്രാമത്തിൽ അതിശക്തമായ ഉരുൾപൊട്ടൽ.... ഗ്രാമത്തിന്റെ പകുതിയും വെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി." അപ്പുവിന്റെ നെഞ്ചിൽ ആരോ കത്തി കുത്തി ഇറക്കുന്നത് പോലെ അവന് തോന്നി... അവൻ ആ കടയിൽ തളർന്നിരുന്നു പോയി....

അപ്പു പുലമ്പാൻ തുടങ്ങി.... "ഞാൻ കൊണ്ടുപോകാം മോളെ.... അമ്മേ ഞാൻ ഇന്ന് തന്നെ എത്തും.... അമ്മ എവിടെയും പോകല്ലേ ..." അവന്റെ മനസ്സിൽ നിറയെ അമ്മുവിന്റെ അവസാന വാക്കുകൾ ആയിരുന്നു.... "എട്ടാ ഞാൻ കൂടി വരട്ടെ..."



Muhammed Ameen Thangal J
2ND YEAR BA ECONOMICS

# ODYSSEY OF THE YOUNG

Once, they were children's with tender heart, now they caught in the end of adolescence and beginning of youth.

Reluctant to believe they are grown up mind is struck in dread. Yet society begin to lay its weight upon them,

These hearts are struck in the middle of rackets doesn't know how to move they can find peace only in the calmness of nature

They wanted to lay down their fear in the Hush of nature's vista, yet they are denied the grace - no consent to wander

They have an urge to travel deep into the flourishing beauty of Eden, but their threads are anchored in the plight of time

Society consider their urge as something that would break the code of tradition ; perhaps it's their jealousy or inadequacy

But for sure, they need their odyssey for their existence; only through that they can fix their lives and carry the responsibility of life



ARUNIMA RAJESH

3RD YEAR BSC BOTANY

# പ്രണയം..........

അത് വെറുമൊരു വികാരം മാത്രമല്ല. അതിലും അമൂല്യമായ എന്തോ ഒന്ന് ആ മൂന്നക്ഷരങ്ങളിൽ ഒളിഞ്ഞിരുന്നു പുഞ്ചിരിപൊഴിക്കുന്നു. എത്ര അർത്ഥതലങ്ങൾ ചികഞ്ഞാലും, എത്ര ഭാവാത്മകമായി വർണ്ണിച്ചാലും "പ്രണയം" എന്ന ഈ നിധിക്ക് പൂർണ്ണത സൃഷ്ടിക്കാൻ തടസ്സമാണ്..... ആരേയും പ്രണയിച്ചിട്ടില്ലെങ്കിൽ കൂടിയും "പ്രണയം" എന്ന വികാരം നമുക്ക് അനുഭവിക്കാൻ സാധിക്കുന്നു.

അത് പ്രണയത്തിന്റെ ഭാഷാഭാവമാണ്.

ഈ മൂന്നക്ഷരക്കൂട്ടുകൾക്ക് എന്തോ മാന്ത്രിക ശക്തി ഉള്ളതായി എനിക്ക് തോന്നിയിട്ടുണ്ട്. എന്തോ, അത് അക്ഷരങ്ങളാൽ വരച്ചിടാൻ പ്രയാസമാണ്... ഉന്നമില്ലാത്ത അസ്ത്രം പ്രണയിക്കപ്പെടുക എന്നാൽ ഒരു നല്ല കാര്യം തന്നെ! കാരണം, നമ്മളെ ആരെയെങ്കിലും സ്നേഹിക്കുന്നത് നമുക്ക് സന്തോഷം ജനിപ്പിക്കുന്ന കാര്യമാണ്.

പ്രണയിക്കപ്പെടുന്നത് ഒരു ഭാഗ്യമാണ് പക്ഷേ പരിക്ഷാണാർത്ഥം അത് സ്വീകരിക്കാൻ നമ്മുടെ സാഹചര്യങ്ങൾ നമ്മെ അനുവദിച്ചെന്നു വരില്ല. കാരണം നമ്മിലെ നാം അതിനെ ആഗ്രഹിക്കുന്നുണ്ടാവില്ല...

പ്രണയം തന്ന വികാരത്തിന് നിറക്കൂട്ട് ചാലിക്കുന്നത് പ്രണയിതാവാണെങ്കിൽ, പ്രണയത്തിന്റെ വസന്തത്തിന് പരസ്പരസ്നേഹവും വിശ്വാസവും ഉണ്ടാവണം.

പലപ്പോഴും പറഞ്ഞ പ്രണയപുസ്തകങ്ങളേക്കാൾ ഒരുപടി മുൻപിൽ നിൽക്കുന്നത് പറയാതെപോയ പ്രണയങ്ങളാവും. കാലം എത്ര കടന്നുപോയാലും അതൊരു സുഖമുള്ള നൊമ്പരമായ് ഹൃദയത്തിന്റെ ഒരു ദിക്കിൽ കാണും.

"പേരറിയാത്ത ഒരു നൊമ്പരം" എങ്ങനെയാണല്ലേ പ്രേമത്തിന്റെ വിശേഷം തന്നെ!

എന്തോ, പ്രണയത്തിന് കാലാന്തരങ്ങളിൽ ചില മാറ്റങ്ങൾ സംഭവിച്ചെങ്കിലും അതിനെപ്പറ്റി വാചാലരാണ് നാമെല്ലാം!

പൂർണ്ണത ഉൾക്കൊണ്ട "പ്രണയം ഇന്ന് ഇല്ല" എന്ന് നൂറാവർത്തി വിചാരിക്കുമ്പോഴും... ആത്മാർത്ഥമായ പ്രണയം ലോകത്തിന്റെ ഏതോ ഒരു കോണിലുണ്ടെന്ന് വിശ്വസിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു.

ആത്മാർത്ഥമായ പ്രണയത്തിന്റെ കുഞ്ഞോളങ്ങളാണ് നമ്മുടെ മനസ്സിൽ ചാഞ്ചാട്ടമുണ്ടാക്കുന്നത്. അതുകൊണ്ട് അതുനമുക്കൊരു വിങ്ങൽ തന്നെയാണ്.

ഞാനിത്രമാത്രം പ്രണയത്തെ പറ്റി വാചാലയാകുമെന്ന് ഞാൻ തന്നെ വിചാരിച്ചില്ല! പക്ഷേ എന്നെക്കൊണ്ട് പറയിപ്പിച്ചു, അതാണ് പ്രണയം എന്ന മൂന്നക്ഷരത്തിന്റെ ശക്തി.

ഒരാളേയും ഹൃദയമായ് കണ്ടു പ്രണയിച്ചിട്ടില്ലെങ്കിലും കൂടി, എന്തോ ഒത്തിരി "പ്രണയമാണ്" ഈ ചുവന്ന അക്ഷരങ്ങളോട്... "പേരറിയാത്ത ഒരിഷ്ടം".

എന്താ അങ്ങനെ? എനിക്കറിയില്ല!

ഒന്നറിയാം...

ഉള്ളറിഞ്ഞ അഗാധമായ പ്രണയമാണ്... എനിക്കീ "പ്രണയത്തോട്"



GOWRI SURESH

1ST YEAR ENGLISH LITREATURE

# ജീവിതം

ഒരു മരമാകുമ്പോൾ അതിൽ ഒരുപാട് പക്ഷികൾ വരും. അവയിൽ ചിലത് മാത്രം ആ മരത്തിൽ കൂടുകൂട്ടും ബാക്കിയുള്ളവ പറന്നുപോകും. ആ മരത്തിൽ പുതിയ ഇലകൾ വളരുകയും അവ തളിരി ഇടുകയും പിന്നീട് ആ മരം വളരെ സമൃദ്ധമായി പൂവിട്ട് സുന്ദരമായി നിൽക്കുകയും ചെയ്യും എന്നാൽ അത് കുറച്ചുനാളത്തേക്ക് മാത്രമാണ് പിന്നീട് അതിൽ നിന്ന് ഓരോ ഇലകളായി പൊഴിയുകയും അവസാനം ആ മരം ശിഖരങ്ങൾ മാത്രമുള്ള വെറുമൊരു തടി മാത്രമായി അവശേഷിക്കുകയാണ് ചെയ്യുക

എങ്കിലും ആ മരത്തെ പിടിച്ചുനിർത്താൻ അതിൻറെ വേരുകൾ കൂടെ ഉണ്ടാകും എന്നാൽ ഒരു പരിധി എത്തുമ്പോൾ അവയും ആ മരത്തെ കയ്യൊഴിയും പിന്നീട് നിലം പതിക്കാനാണ് ആ മരത്തിൻറെ വിധി. ഇറ്റ്സ് നോട്ട് എബൗട്ട് ട്രീ

ജീവിതം എന്നത് ലക്ഷ്യസ്ഥാനം അറിയാതെ ലക്ഷ്യസ്ഥാനം എത്താൻ വേണ്ടിയിട്ടുള്ള ഒരു യാത്രയാണ് ഒരുപാട് പരീക്ഷണങ്ങളും ദുരിതങ്ങളും സന്തോഷവും സങ്കടവും എല്ലാം നിറഞ്ഞതാണ് ഈ യാത്ര ഈ യാത്രക്കിടയിൽ നമ്മൾ ഒരുപാട് താൽക്കാലിക മനുഷ്യന്മാരെ കാണുകയും അവരായി കുറച്ചു ദൂരം പിന്നിട്ടതിനുശേഷം യാത്ര വഴിയിൽ അവർ അവരുടെ പാതയിലേക്കും നാം നമ്മുടെ പാതയിലേക്കും സഞ്ചരിക്കും ഈ യാത്രയിൽ കണ്ടുമുട്ടുന്ന ഓരോ മനുഷ്യനും നമുക്ക് ഒരുപാട് പാഠങ്ങളും തിരിച്ചറിവുകളും നൽകുന്നു യാത്രാമധ്യേ വഴിമാറി സഞ്ചരിച്ചവരെ പറ്റി ചിന്തിച്ചു നിൽക്കാതെ നിൻറെ ലക്ഷ്യസ്ഥാനത്തേക്കുള്ള പ്രയാണം വീണ്ടും തുടരുമ്പോൾ ആണ് നിൻറെ ജീവിതം അർത്ഥപൂർണ്ണം ആകുന്നത് വീഴ്ചകളിൽ തളരാതെ വിജയങ്ങളിൽ അഹങ്കരിക്കാതെ മുന്നോട്ട് പോകുമ്പോൾ നിൻറെ ലക്ഷ്യസ്ഥാനത്തിൽ നീ എത്തിപ്പെടും



Anjana ramesh

1ST YEAR BA ECONOMICS

# IT'S COMMON!!

പണ്ടേ നാം വളരെ ഗൗരവത്തോടെയും അപൂർവ്വമായും കേട്ടിരുന്ന പലതും ഇന്ന് വളരെ നിസാരമായി ആണ് കാണപ്പെടുന്നത്... Suicide, Murder, Drugs – ദിനപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ വാർത്തകൾ ഇന്ന് പലർക്കും വെറും notifications മാത്രമായി മാറിയിരിക്കുന്നു.

ഒരു കാര്യം സമൂഹത്തിൽ അധികരിച്ച് കാണപ്പെടുമ്പോൾ അത് തെറ്റല്ല എന്ന നിലക്ക് യുവ തലമുറ ചിന്തിച്ചു തുടങ്ങുന്ന ദുരവസ്ഥ ഭയാനകമാണ്. തെറ്റ്, ശരി എന്നതിനെ വേർതിരിച്ച് കാണാനുള്ള പ്രാപ്തി പലപ്പോഴും നമ്മിൽ നിന്ന് നഷ്ടപ്പെട്ട് പോകുന്നു.

ഒരു പ്രമുഖ സിനിമ താരത്തിന്റെ എക്സ്ട്രാ മാരിറ്റൽ അഫയർ പോലും വളരെ നിസ്സാരപ്പെട്ടി സോഷ്യൽ മീഡിയ കൊണ്ടാടുകയാണ്. പക്ഷേ അതിന്റെ പിന്നിൽ തളർന്നുപോകുന്ന ഒരു കുടുംബമുണ്ടാകാം എന്ന സത്യം പലരും ഓർക്കുന്നില്ല. അദേഹത്തിന്റെ ഭാര്യയുടെ മാനസികാവസ്ഥയോ, മക്കളോടെ വേദനയോ മനസ്സിലാക്കാൻ പോലും ശ്രമിക്കാതെ ഒരു തലമുറയിലേക്കാണ് നാം പതിയെ ചുരുങ്ങി പോകുന്നത്.

സോഷ്യൽ മീഡിയയിലൂടെ ഒരാളുടെ മരണവാർത്ത അറിഞ്ഞപ്പോൾ അതിന്റെ താഴെ കമന്റുകൾ ആയി പലപ്പോഴും മീമുകളും തമാശകളും പോലും പറയുന്ന അവസ്ഥയിലേക്ക് പുതുതലമുറ എത്തിക്കൊണ്ടിരിക്കുന്നു. സമൂഹം പുരോഗമിക്കേണ്ടത് ടെക്നോളജി കൊണ്ട് മാത്രമല്ല. മറിച്ച് മനുഷ്യരുടെ മനസ്സിലെ കാരുണ്യം, സഹജീവിസ്നേഹം മുതലായവ കൂടി കൊണ്ടുവരണം.

മറ്റൊരാളുടെ വേദന വെറുമൊരു content മാത്രമായി കാണുന്ന ഒരു അവസ്ഥയിലേക്ക് നാം ഒരിക്കലും ചുരുങ്ങി പോകരുത്. മനുഷ്യനെ മനുഷ്യനായി കാണാനും, നമ്മുടെ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും നമ്മുക്ക് സാധിക്കണം.




Muhammed Ameen Thangal J

2ND YEAR BA ECONOMICS

# IMPRESSION

I chased the wind to paint a perfect view,
Exchanging blood and sweat to win their grace;
But indifference wore a heavy, blindfold hue,
And turned away, refusing to embrace.

From shattered dreams, I built an empire grand,
Burning the midnight oil through silent tears;
Yet praise remained a ghost in shifting sand,
As cold neglect refused to clap or cheer.

Now, at the helm, where success starts to gleam,
They turn around to ask where time has flown—

Playing the devil's advocate to my dream,
While blind to all the seeds that I had sown.



SANKEERTHANA G R
2ND YEAR BSC.MICROBIOLOGY

# താനും പരിഗണന അർഹിക്കുന്നൊരു മനുഷ്യനല്ലേ.....???

“അതെ എന്താന്നറിയില്ല രണ്ടുദിവസമായി വല്ലാത്ത നെഞ്ചുവേദന..”

അല്പം വിമ്മിഷ്ടത്തോടെ ആണെങ്കിലും പതിഞ്ഞു പോയിരുന്നു അവളുടെ സ്വരം..

"അതീ ദിവസവും വീട്ടുജോലി ചെയ്യുന്നത് കൊണ്ടായിരിക്കും. രണ്ടുദിവസം റസ്റ്റ് എടുക്ക്.."

ധൃതിയിൽ ജോലിക്ക് പോകാൻ ഒരുങ്ങവേ ഭാര്യയുടെ വേവലാതി കേൾക്കാൻ അയാൾക്ക് നേരം ഉണ്ടായിരുന്നില്ല.

എന്നും ഓരോ വേദനകൾ വന്ന് പറയുന്ന ഭാര്യയെ പരിഹസിച്ച് കൊണ്ടായിരുന്നു ആ മറുപടി..

ജോലി കഴിഞ്ഞ് വന്ന് ഒരു കപ്പ് ചായ കൊടുക്കുമ്പോൾ പോലും “നിൻ്റെ വേദന കുറവുണ്ടോ ”എന്നൊരു ചോദ്യം വെറുതെ പ്രതീക്ഷിച്ചു.

പ്രതീക്ഷകളെയെല്ലാം പാടെ തെറ്റിച്ചു കൊണ്ട് ഫേസ്ബുക്കിൽ വിരലുകൾ ചലിപ്പിച്ച് പൊട്ടിച്ചിരിക്കുന്നത് കാൺകെ കണ്ണുകളൊന്നു നിറഞ്ഞുപോയി..

"താനും പരിഗണന അർഹിക്കുന്ന ഒരു മനുഷ്യനല്ലേ..."

എല്ലാവർക്കും വേണ്ടി ഓടി നടക്കുമ്പോൾ ഇന്ന് തന്നെയൊന്ന് ചേർത്തു പിടിക്കാൻ പരിചരിക്കാൻ കഴിയാതിരിക്കാൻ മാത്രം അവർക്ക് തിരക്ക് കൂടിയിരിക്കുന്നുവോ...

*****

തലകുമ്പിട്ട് വാതിൽപടിയിൽ ചാരിയിരിക്കുമ്പോൾ ആരൊക്കെയോ അകത്തേക്ക് കയറിയിറങ്ങുന്നത് അയാൾ ശ്രദ്ധിച്ചു..

അടക്കി പിടിച്ച തേങ്ങലുകളും സംസാരങ്ങളും കാതിൽ വട്ടമിട്ട് പറന്നു..

“അറ്റാക്ക് ആയിരുന്നത്രേ..”

മൂക്കത്ത് വിരൽ വച്ച് ബന്ധുക്കളാരോ പറയുന്നത് കേൾക്കെ കണ്ണുകൾ ഇറുക്കി അടച്ചയാൾ...

“അതെ എനിക്ക് വീണ്ടും നെഞ്ച് വേദനിക്കുവാ..”

അടുക്കിക്കൂട്ടിയ വിറകുകൊള്ളിക്ക് തീ പകരുമ്പോൾ തലേന്നു കൂടി തന്നോട് സങ്കടം പറഞ്ഞ ഭാര്യയുടെ മുഖമൊന്ന് ഓർത്തുപോയി ..

വെള്ള തുണിയിൽ പൊതിഞ്ഞ് ചിതയ്ക്ക് വിധേയയായി കിടക്കുന്നവളെ കാൺകെ പതിവില്ലാത്തൊരു നെഞ്ചുവേദന തന്നെ പൊതിയുന്നത് അയാൾ അറിയുന്നുണ്ടായിരുന്നു..



SREEDEVI S
3RD YEAR BA COMMUNICATIVE ENGLISH

# സൗഹൃദം – ഓർമ്മകളുടെ മറ്റൊരു പേര്.

സൗഹൃദമെന്ന് പറയുമ്പോൾ ആദ്യം
മനസ്സിലേക്ക് ഓടിയെത്തുന്നത്
സ്കൂളും കോളേജും നിറഞ്ഞ ആ
മനോഹരമായ കാലഘട്ടങ്ങളാണ്.
പുസ്തകങ്ങൾക്കിടയിലൂടെ, ക്ലാസ് മുറികളുടെ
ശബ്ദങ്ങൾക്കിടയിലൂടെ,
നമ്മളോടൊപ്പം നടന്നുപോയ ഒരുപാട്
മുഖങ്ങളും ഓർമ്മകളും.
കളിച്ചിരികളും തമാശകളും,
ചെറിയ പിണക്കങ്ങളും അതിനുശേഷമുള്ള
ഇണക്കങ്ങളും –
ഇതൊക്കെയായിരുന്നു ആ ദിവസങ്ങളുടെ
ഏറ്റവും വലിയ സന്തോഷങ്ങൾ.
ജീവിതത്തിലെ ഏറ്റവും സുന്ദരമായ
നിമിഷങ്ങളിൽ പലതും
സൗഹൃദത്തിന്റെ പേരിലാണ് നമ്മൾ
ഓർക്കുന്നത്.
അന്ന് "എപ്പോഴും കൂടെയുണ്ടാകും" എന്ന്
കരുതിയ ചിലർ,
കാലം കടന്നുപോകുമ്പോൾ പതിയെ
അകലിപ്പോകും.
ഒരിക്കൽ ദിവസവും സംസാരിച്ചിരുന്നവർ,
പിന്നീട് ഓർമ്മകളിൽ മാത്രം
ജീവിക്കുന്നവരായി മാറും.
അത് ചിലപ്പോൾ മനസ്സിനെ വേദനിപ്പിക്കും.
എന്നാൽ എല്ലാ സൗഹൃദങ്ങളും അങ്ങനെ
അവസാനിക്കുന്നില്ല.
സമയം എത്ര മാറിയാലും, ജീവിതം എത്ര
തിരക്കിലായാലും,
ഇന്നും അതേ സ്നേഹത്തോടെ
കൂടെയുണ്ടാകുന്ന ചില ബന്ധങ്ങൾ ഉണ്ടാകും.
അതാണ് യഥാർത്ഥ സൗഹൃദത്തിന്റെ ഭംഗി.

സൗഹൃദത്തിൽ ചിലപ്പോൾ തെറ്റുകൾ
സംഭവിക്കാം.
അറിയാതെ വേദനിപ്പിക്കുന്ന വാക്കുകൾ
പറഞ്ഞുപോകാം.
പക്ഷേ, മിക്ക തെറ്റുകളും
ക്ഷമിക്കാനാകുന്നവയാണ്.
തിരുത്താൻ പറ്റാത്ത തെറ്റുകൾ ആരും
മനഃപൂർവ്വം ചെയ്യാറില്ല.
ചിലപ്പോൾ അവർ അനുഭവിക്കുന്ന
പ്രശ്നങ്ങളോ,
അവരുടെ ഉള്ളിലെ വിഷമങ്ങളോ
ആയിരിക്കും
അവരെ അങ്ങനെ മാറ്റുന്നത്.
അതുകൊണ്ട് തന്നെ,
സൗഹൃദം നിലനിൽക്കാൻ ഏറ്റവും
ആവശ്യമായത്
മനസ്സിലാക്കലും ക്ഷമയും തന്നെയാണ്.
ഒരു ചെറിയ പിണക്കത്തിനേക്കാൾ
വിലപ്പെട്ടതാണ്
ഒരുമിച്ച് പങ്കുവെച്ച ഓർമ്മകൾ.
ജീവിതത്തിൽ പലരും വരും, പലരും
പോകും.
പക്ഷേ ചില സൗഹൃദങ്ങൾ,
കാലം എത്ര കഴിഞ്ഞാലും മനസ്സിൽ
മായാതെ നിൽക്കും.
ഇന്നുള്ളതും, ഒരിക്കൽ ഉണ്ടായിരുന്നതുമായ
എല്ലാ സൗഹൃദങ്ങളും
എന്നും മനോഹരമായ ഓർമ്മകളായി
നിലനിൽക്കട്ടെ...
സൗഹൃദങ്ങൾ ഒരിക്കലും
അവസാനിക്കാതിരിക്കട്ടെ എന്നും ഹൃദയം
നിറഞ്ഞ് ആശംസിക്കുന്നു.



ANAMIKA
2ND YEAR B.COM

# LET ME BURN

Inside the fire, I burn so deep,
Where shadows dance and silence weeps.
With the fire, I learn to glow,
A light the darkness cannot slow.

There will be emptiness if there's no light,
A hollow hush in endless night.
No warmth to hold, no colours bright,
So let me burn — I'll be the light.

The fire in me is not just mine,
It echoes from the grand design.
The sun above, in endless blaze,
Breathes into me its ancient rays.

The fire breaks, but also gives,
In pain, it teaches how one lives.
It scars my soul, yet sets it free—
A paradox that shapes my "me".

Without the fire, I drift, I fade,
A quiet ghost the stars evade.
But with the flame inside my chest,
I rise, I shine, I give my best.

So if the night feels far too wide,
And fear is all you hold inside,
Don't hide from fire, don't dim your light—
Let's burn together, let's be the light.



Aishwarya S Kamath
I BA Communicative English

# ऑपरेशन तूफ़ान : नशे के खिलाफ केरल का एक निर्णायक युद्ध

वर्तमान समय में भारत के कई राज्यों में नशीले पदार्थों का अवैध कारोबार एक विकराल रूप धारण कर चुका है। विशेषकर युवा पीढ़ी को इस दलदल से बचाने के लिए सुरक्षा एजेंसियों और राज्य सरकारों द्वारा लगातार बड़े कदम उठाए जा रहे हैं। इसी क्रम में केरल सरकार, केरल पुलिस और आबकारी विभाग द्वारा शुरू किया गया '**ऑपरेशन तूफ़ान : द नार्को हंट**' इस समय देश भर में चर्चा का विषय बना हुआ है।

**क्या है 'ऑपरेशन तूफ़ान ' ?**

' तूफ़ान ' एक हिन्दी शब्द है, जिसका अर्थ आंधी या तीव्र झंझावात होता है। इस अभियान का मुख्य उद्देश्य राज्य से नशीले पदार्थों के नेटवर्क को जड़ से उखाड़ फेंकना है। मुख्यमंत्री वी.डी.सतीशन के नेतृत्व और गृह मंत्री रमेश चेनिथला की देखरेख में इस व्यापक अभियान की औपचारिक शुरुआत की गई है। यह अभियान केवल एक पुलिस कार्रवाई नहीं है, बल्कि इसे एक *बहु-आयामी सामाजिक आंदोलन* के रूप में डिजाइन किया गया है, जिसमें शिक्षा, स्वास्थ्य और स्थानीय निकाय विभाग भी मिलकर काम कर रहे हैं।

**इस अभियान की आवश्यकता क्यों पड़ी?**

- **युवा पीढ़ी पर खतरा** : शैक्षणिक संस्थानों के आस-पास तस्करों द्वारा युवाओं और स्कूली बच्चों को निशाना बनाया जा रहा है।

- **अपराधों में वृद्धि** : पुलिस रिकॉर्ड के अनुसार कई गंभीर और हिंसक अपराधों के पीछे नशीले पदार्थों के सेवन की पुष्टि हुई है।

- **बढ़ते आंकड़े** : पिछले कुछ वर्षों में दर्ज मामलों की संख्या लगातार बढ़ रही थी, जिसे रोकने के लिए एक कड़े और केंद्रित अभियान की आवश्यकता महसूस हुई।

**अभियान की त्रि-स्तरीय रणनीति** [Three-Pronged Strategy]

इस अभियान को प्रभावी बनाने के लिए इसे मुख्य रूप से तीन हिस्सों में बांटा गया है :-

1. **तूफ़ान स्ट्राइक** [Toofan Strike] :

यह इसका प्रवर्तन विंग है, जो लगातार छापेमारी, तस्करों की धरपकड़ और सप्लाई चेन को तोड़ने का काम करता है।

**2. तूफ़ान वॉरियर्स** [Toofan Warriors] :

यह जागरूकता फैलाने वाला विंग है जहाँ युवाओं और समाज को नशे के दुष्प्रभावों के प्रति सचेत करता है।

**3. तूफ़ान केयर** [Toofan Care] :

यह विंग नशा पीड़ितों के पुनर्वास और उनकी काउंसलिंग पर ध्यान केंद्रित करता है ताकि वे सामान्य जीवन में लौट सकें।

**अब तक के परिणाम**

इस अभियान के शुरू होने के बाद से ही पुलिस और आबकारी विभाग ने ताबड़तोड़ कार्रवाई की है। हजारों की संख्या में संदिग्धों को हिरासत में लिया गया है और भारी मात्रा में *एमडीएमए, गांजा, हशीश, ऑयल और ब्राउन शुगर* जैसे नशीले पदार्थ जब्त किए गए हैं। तस्करों की अवैध संपत्तियों पर पाबंदी लगाने की प्रक्रिया भी तेज कर दी गई है।

**निष्कर्ष**

'ऑपरेशन तूफ़ान' इस बात का प्रमाण है कि यदि दृढ़ इच्छाशक्ति हो, तो किसी भी सामाजिक अभिशाप के खिलाफ कड़ा रुख अपनाया जा सकता है। यह अभियान केवल कानून-व्यवस्था का मामला नहीं है, बल्कि यह आनेवाली पीढ़ियों के भविष्य को सुरक्षित करने की एक जंग है। केरल का यह मॉडल अन्य राज्यों के लिए भी एक मिसाल बन रहा है कि कैसे पुलिस कार्रवाई और जन-सहयोग के जरिए इस खतरे से निपटा जा सकता है।



ASWIN KRISHNA S
1ST YR BA HINDI

# DIGITAL AMNESIA: ARE WE OUTSOURCING OUR MEMORY TO TECHNOLOGY?

*"Why remember it when you can just Google it?"*

A phone number? Saved in the contacts. A birthday? On the calendar. A route? Google Maps. A fact? Search it.

We live in a time when remembering has become optional. Our phones remember our appointments, our conversations, our photographs and even the places we have visited.

Technology has made life easier—but has it also made our memories weaker?

This is what we might call digital amnesia: our growing tendency to depend on technology for information that we once kept in our own minds.

## The Memory We Outsource

Think about the last time you memorised a new phone number. Chances are, you didn't. You saved it.

There is nothing wrong with that. Technology exists to make our lives convenient. We don't need to fill our minds with every piece of information when it can be accessed within seconds.

But there is a difference between using technology as a tool and depending on it for everything. When we stop exercising our memory because our devices can do the work for us, remembering becomes a skill we practise less and less.

## Google Can Find It. But Can It Make It Yours?

Today, information is everywhere. We don't necessarily remember facts; we remember where to find them.

We may not remember a direction, but we know which app will guide us. We may not remember a date, but our calendar will remind us. We may not know an answer, but we know how to search for it.

In a way, our phones have become an external memory. But information we can access is not always information we truly understand. There is a difference between knowing something and knowing where to look for it.

## When Memories Become Photographs

Technology has also changed the way we preserve experiences.

We photograph birthdays, trips, sunsets, concerts—even ordinary meals. Of course, photographs are precious. They allow us to revisit moments that might otherwise fade. But sometimes we become so busy recording a moment that we forget to experience it.

We watch the concert through a phone screen. We photograph the sunset before actually looking at it. We take hundreds of pictures, yet later struggle to remember what the day itself felt like.

Perhaps the irony is that we have never had so many ways to preserve memories—and yet we sometimes pay so little attention while making them.

## What Are We Losing?

The biggest concern isn't forgetting a phone number. It is forgetting how to pay attention.

Memory begins with attention. When our minds are constantly jumping between notifications, messages and short videos, it becomes harder to give one experience our complete attention. And without attention, even important moments can become forgettable.

Technology doesn't only store our memories. It competes with us while we are creating them.

## We Don't Have to Remember Everything

The solution isn't to reject technology. We shouldn't go back to memorising every phone number or carrying a map everywhere. Technology is a remarkable tool, and using it wisely can save time and mental effort.

The question is simply: What should we allow technology to remember for us?

Let your phone remember your appointments.

Let your map remember the roads.

Let the search engine remember the obscure facts.

But remember the people who stood by you. Remember the lessons that changed you. Remember the places that made you feel something.

Because some memories are too important to outsource.

## The Final Thought

Our phones can store thousands of photographs. They can remember millions of facts. They can retrieve almost anything within seconds. But there is one thing no device can decide for us:

What is worth remembering?

Perhaps the answer isn't to remember everything. Perhaps it is to make sure that, in a world where technology remembers so much for us, we don't forget how to remember what matters.



AVANTHIKA SOMARAJ,
II BA ENGLISH

# TO BE HUMAN

Is being human an endless voyage
Seeking a profound purpose
Waiting for a poetic ending,
While neglecting the beauty
of the journey, the process, the
path?
What if the meaning of life
is buried,
Deep with in an unwritten page?
Or what if there is no secret
revelation,
no absolute purpose
waiting to be found?
What if it is simply this
to revel, to grieve,
to laugh till tears,
to fall in love,
break your heart,
and stitch it all back again.
To listen.
To wonder.
To write.
To dance in the rain
and sing until your throat aches.
To notice the world
the tides of a meandering creek,
wind threading through leaves,
The eyes of another soul,
quiet curve of a smile.
Perhaps every tear runs dry.
The world in a perpetual motion
Might carry a part

For something of us remains
in the ones we loved,
words we wrote,
in the lives we passed.

To be human
is to be mortally immortal.
To be a seeker,
a dreamer,
a walker without knowing
where the road ends.
To be human
is just to be.



Krishnendu B, I MA English

# WE CRAWL

We crawl, we crawl
We are cosmopolitan.
Darkness can never hold us
We survive
We grow
Whatever comes,
No matter who steps on us—
We survive.
We are the survival of fittest
We have been through a lot.
Still,
we crawl.
We crawl into every place,
Where injustice wears
the most beautiful arrogance.
Everybody can trap us.
Everybody can try to stop us.
But we survive.
We grow.

We can survive hunger for days, endure thirst, crawl through darkness-
But we cannot live in a country
Were rights are only words on paper
So give us those papers
*We will eat them.



Nusafa, II B Sc Zoology

# WEATHERED INTO WOMANHOOD

A woman's life that looks steady outside, but
Inside her body is a hormonal roller coaster
The four seasons pass through her
Soul within a month-she bleeds,
Blooms, burns and breathes, like
Winter, spring, summer and autumn.
Different waves, different moods-
Yet the four phases flow in one
Quiet rhythm.
The tapestry may name her week,
But she is the one carrying
What no one else can hold.
The form of nature always remains
In her system. Her rhythm is
Written in the language of earth and sky.
Her waves are vital to humankind,
Just as the seasons are essential
To the planet. Her changes are not
Instability-they are her form of beauty,
strength and completeness.
She is nature woven into a single
Soul, endlessly turning through
Her seasons.



Arunima Rajesh
III B Sc Botany

# എന്റെ ശബ്ദത്തിൽ...

അന്ന് ഞാൻ ഈ ഭൂമിയിൽ ആദ്യമായി കരഞ്ഞു.
പക്ഷേ ആ ശബ്ദം എന്റേതായിരുന്നു.
ഞാൻ വളരുമ്പോൾ, എന്നേക്കാൾ മുമ്പേ വളർന്നത് എനിക്കുവേണ്ടിയുള്ള
സ്വപ്നങ്ങളായിരുന്നു.
എന്റേതല്ലാത്ത, എനിക്കുവേണ്ടിയുള്ള സ്വപ്നങ്ങൾ.
എന്റെ കളിക്കോപ്പുകൾ എന്റെ ഇഷ്ടങ്ങളായിരുന്നില്ല.
നിങ്ങളെനിക്ക് സമ്മാനിച്ച ഇഷ്ടങ്ങളായിരുന്നു.
എന്റെ റിപ്പോർട്ട് കാർഡിൽ തെളിഞ്ഞത് നിങ്ങളുടെ അഭിമാനമായിരുന്നു,
എന്റെ സന്തോഷമായിരുന്നില്ല.
എന്റെ ജോലി നിങ്ങളുടെ സുരക്ഷിതത്വത്തിന്റെ ഉറപ്പായിരുന്നു.
എന്റെ സ്വപ്നത്തിന്റെ ബാക്കിപത്രമായിരുന്നില്ല.
പുസ്തകത്തിലെ മടക്കപ്പെട്ട അവസാന താളുകളായി
എന്റെ സ്വപ്നം അവശേഷിച്ചു.
നിങ്ങളെനിക്ക് ചിറകുകൾ തന്നു,
പക്ഷേ ആകാശം നിങ്ങൾ നിശ്ചയിച്ചു.
ഞാൻ ഉയരത്തിൽ പറന്നപ്പോൾ
സകലരും ഞാൻ വിജയിച്ചെന്ന് ഉറപ്പിച്ച് പറഞ്ഞു.
പക്ഷേ ആരും ചോദിച്ചില്ല,
അതെന്റെ ആകാശമാണോ എന്ന്.
ഇന്നൊരു തിരിഞ്ഞുനോട്ടം അനിവാര്യമാണ്.
എന്റെ ജീവിതം,
അത് നിങ്ങളുടെ സ്നേഹമായിരുന്നോ,
അതോ നിങ്ങൾ ആഗ്രഹിച്ച സ്വപ്നമായിരുന്നോ?
ഇന്ന് ആദ്യമായി എനിക്ക് നിലക്കണ്ണാടിയിൽ
എന്റെ രൂപം വ്യക്തമായി.
ഇത്രയും നാൾ നീ കണ്ടത് നിന്നെയായിരുന്നുവോ?

ഇനി നീ ചിരിക്കണം,
നിന്റെ ശബ്ദത്തിൽ.

"മറ്റൊരാളുടെ സ്വപ്നത്തിന്റെ ഭാരവും പേറി
ഒരു കുഞ്ഞിനും ഈ ഭൂമിയിൽ ജനിക്കേണ്ടി വരാതിരിക്കട്ടെ".



Shifana S  II B Sc Mathematics

# നോവ്

മൂർച്ചയേറിയ വാക്കുകൾ കേട്ടിട്ടും
ഓരോ ദിനങ്ങൾ കഴിച്ചുകൂട്ടി
ആരോരുമില്ലാത്ത തോന്നലുണ്ടായപ്പോൾ
എൻ മനം വിങ്ങി വിങ്ങിക്കരഞ്ഞു.
മാതാപിതാക്കളെ ഓർക്കാത്ത നാളില്ല
എന്തിനെന്നെ തനിച്ചാക്കിപ്പോയി
ഉണ്ടായിരുന്നപ്പോൾ ഒട്ടേറെ കൂട്ടുകാർ
തനിച്ചായിരുന്നപ്പോൾ ഞാൻ മാത്രമായ്
എന്തിനെനിക്കു നീ ദുഃഖങ്ങൾ തന്നു
കരഞ്ഞു കലങ്ങാൻ കണ്ണീരില്ല
എൻ നയനങ്ങൾ സമുദ്രമല്ലേ
ചേതനയറ്റ ശരീരം പോലെ
ഓർത്തിരിക്കാൻ എനിക്കാരുമില്ല
കേട്ടിരിക്കാൻ ഇനി വാക്കുകളില്ല
ആരോരുമില്ലാത്ത വീട്ടിൽ തനിച്ചാക്കി
നോവുണർത്തുന്നതെന്തിനാണ്
സ്നേഹം പകരാനായി അമ്മയില്ല
ലാളന നൽകാൻ അച്ഛനില്ല
അക്ഷരമുത്തുകൾ പകർന്നു നൽകാനായി
ലോകത്ത് തന്നെ ആരുമില്ല.
ആരുമില്ലാത്തൊരു അസുരജന്മം
ജീവിക്കാൻ കൂട്ടിന് ആരുമില്ല
കരഞ്ഞുകലങ്ങിയ നയനാംബുജവുമായ്
നീറിനീറി കരഞ്ഞിടുന്നു.



-Anjana P.M, II BA History

# പെൺ തൂലിക

മഷിപാത്രം തുറന്നപ്പോൾ അവൾ ആദ്യമായി എഴുതിയത്
സ്വന്തം പേരായിരുന്നില്ല
തൻ്റെ ശബ്ദം തന്നെയായിരുന്നു

മറ്റുള്ളവർ വരച്ച
വഴികളിലൂടെ നടക്കാതെ
അവൾ സ്വയം
വഴികളായി മാറി

കണ്ണീരിൽ നനഞ്ഞ രാത്രികൾ അവളുടെ താളുകളിൽ പ്രഭാതങ്ങളായി മാറി
അവളുടെ പേനയാൽ മൗനം പോലും ഭാഷയായി മാറി

അവൾ എഴുതിയപ്പോൾ
അക്ഷരങ്ങൾ പൂക്കളായില്ല
ചിലത് ചോദ്യങ്ങളായി
ചിലത് ഇടിമുഴക്കമായി
ചിലത് നിശബ്ദമായി

'പെണ്ണിന് ഇത്രയേറെ മതി'
എന്ന വാക്കിനുമപ്പുറം
അവൾ ഒരു വാക്കെഴുതി
"എനിക്ക് ഇനിയും വേണം".



Raizana Baiju
II BA Malayalam

# പ്രണയം

പ്രണയം ഒരു മൂടിയ വെളിച്ചം, മനസിന്റെ ആഴങ്ങളിൽ മിണ്ടുന്ന പ്രകാശം,
അതിലെ ഓരോ നോട്ടവും ഒരു നക്ഷത്രം പോലെ, അനന്തം പകർത്തുന്നു.
പ്രണയം ഒരു നദി, കാലങ്ങളിലൂടെയും ഒഴുകി,
നമ്മുടെ ചെറു സ്വപ്നങ്ങളിൽനിന്ന് വലിയ കാറ്റുകളിലേക്ക് ആസ്വദിച്ച് കൊണ്ടുപോകുന്നു.
ഒരു കൈപിടിപ്പ് പോലെ, ഓരോ നിമിഷത്തിലും ഞങ്ങളെ ചേർത്ത് പിടിക്കുന്നു,
പുത്തൻ ഒരു ജീവിതം, ഒരുമിച്ചുള്ള ഒരു സ്വപ്നം എന്നുപോലെ.
പ്രണയം, ഒരു അമൃതം, ഹൃദയത്തിന്റെ ഗതി നിശ്ചയിക്കുന്ന,
നമ്മെ സമാധാനത്തിലും, ശക്തിയിലും, വിശ്വാസത്തിലും ഒന്നിച്ച് നയിക്കുന്ന ഒരു പഥമാണ്.
പ്രണയം ഒരു കാറ്റ്, നിശ്ചലതയില്ലാത്ത ചലനം,
പുതിയ അടയാളങ്ങൾ പതിക്കുന്ന ഓരോ പാതയിലും,
അത് ഒരു സംഗീതം, കാലത്തിനിടയിൽ മറന്നുപോകുന്ന,
എന്നാലും ഒരു ശബ്ദം പോലെ മനസിൽ പതിയുന്ന.
പ്രണയം ഒരു സ്വപ്നം, വെറും കാഴ്ചയല്ല,
ഓരോ നിമിഷത്തിലും നമ്മെ ബദലാക്കുന്ന,
ഒരു നിത്യ സ്മരണ, ഒരൊറ്റ ഹൃദയത്തിലെ എന്നും നിലയ്ക്കുന്ന ഒരു സംഗീതം.
പ്രണയം, ഒരു സമുദ്രം, നിത്യമായി ഒഴുകുന്ന,
ഒരു ശാന്തതയുടെ തിരമാല, ഹൃദയത്തെ ചുറ്റി നിറഞ്ഞു നിൽക്കുന്ന.
പ്രണയം, ഒരു വാഗ്ദാനം, കാലയളവും മറന്നുപോകില്ല,
നമ്മുടെ സ്വപ്നങ്ങളെ, വിശ്വാസങ്ങളെ, ജീവിതത്തെ തന്നെ മാറ്റിമറിക്കുന്ന,
അത് ഒരു എക്കാലത്തെയും സത്യത്തിന്റെ ശബ്ദം,
നമ്മെ ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകുന്ന, ഒരു സമാധാനത്തിന്റെ വഴി.



Anjitha B
I B Sc Zoology

# സൂര്യൻ

അസ്തമിക്കുന്നതുവരെ അറിഞ്ഞിരുന്നില്ല,
മുന്നോട്ടുള്ള വഴിയിലെ എന്റെ പ്രകാശമായിരുന്നു അതെന്ന്.

ആ സൂര്യതാപം എന്നും എനിക്കൊരു അസ്വസ്ഥതയായിരുന്നു.
ആ പ്രഭ, ജീവിതത്തിൽ വെളിച്ചത്തിന്റെ പരവതാനി വിരിക്കുമ്പോഴും,
അത് എത്ര അമൂല്യമാണെന്ന് ഞാൻ തിരിച്ചറിഞ്ഞില്ല.

ഇന്നാ സൂര്യൻ അസ്തമിച്ചിരിക്കുന്നു.
ജീവിതത്തിൽ നിന്ന് വെളിച്ചം കെട്ടുപോയിരിക്കുന്നു.

ഇരുട്ടിന്റെ ആഴങ്ങളിലേക്ക് പ്രിയപ്പെട്ടവർ വീഴുമ്പോഴും,
ഒരു മെഴുകുതിരിയെങ്കിലും ആകാൻ എനിക്കു കഴിയുന്നില്ലല്ലോ.

ഈ നിമിഷം,
ഞാൻ തിരിച്ചറിയുന്നു,
എന്നെ പ്രകാശിപ്പിച്ച ആ സൂര്യനെ.



Shifana S
II B Sc Mathematics

# യുദ്ധത്തിന്റെ നാനാർത്ഥങ്ങൾ: ‘പെക്കാറ്റം’ കഥാപഠനം

ബി.സി. 3200-ലാണ് മാനവിക ചരിത്രത്തിലെ ആദ്യ യുദ്ധമുണ്ടായതായി കരുതുന്നത്. പിന്നീട് ഉണ്ടായ മനുഷ്യന്റെ സാംസ്കാരിക വികാസത്തിന്റെ ഓരോ ഘട്ടങ്ങളിലും യുദ്ധം അനിഷേധ്യമായി ആഗമിച്ചുകൊണ്ടിരുന്നു. യുദ്ധം മനുഷ്യ നാഗരികതയുടെ ദുർബലമായ പുറംചട്ടയെ തുറന്നുകാട്ടുകയും ആഴമേറിയതും ആന്തരികവുമായ വിനാശസഹജാവബോധത്തെ അഴിച്ചുവിടുകയും ചെയ്യുന്നു എന്ന ഫ്രോയിഡിന്റെ നിരീക്ഷണത്തിൽനിന്നും യുദ്ധമുണ്ടാകുന്നതിനുള്ള കാരണങ്ങളെക്കാൾ സങ്കീർണ്ണമാണ് യുദ്ധമുണ്ടാക്കാനുള്ള കാരണങ്ങൾ എന്ന് മനസ്സിലാക്കാം.

അത്യാധുനികമായ ഈ ഭൗമലോകത്ത് യുദ്ധം ഇപ്പോൾ അധികാരം നിർമ്മിച്ചെടുക്കാനുള്ള വിശേഷാൽ പ്രവർത്തി മാത്രമല്ല, ജീവിതമരണത്തിനിടയിലുള്ള യുക്തിക്രമങ്ങളെ പുനർനിർമ്മിക്കുക കൂടിയാണ്. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, കോർപ്പറേറ്റ്, മൂല്യാധിഷ്ഠിത ഘടകങ്ങളെ അടിസ്ഥാനമാക്കിയുമായിരിക്കും ഇനിയുള്ള കാലത്തെ യുദ്ധങ്ങൾ. അതിന്റെ അർത്ഥതലങ്ങൾ അനന്തമായി ബഹിർഗമിക്കുകയാണ്. പ്രസ്തുത സാധ്യതയെ സർഗാത്മകമായി അവതരിപ്പിക്കുന്ന കഥയാണ് മനോജ് വീട്ടിക്കാടിന്റെ ‘പെക്കാറ്റം’. ‘പെക്കാറ്റം’ ഒരു ലാറ്റിൻ പദമാണ്. അതിന്റെ അർത്ഥം പാപം എന്നാണ്. യുദ്ധത്തിന്റെ അടിസ്ഥാനഭാവം പാപമാണ് എന്ന ബോധ്യമാണ് കഥാതന്തു. ഒരു പ്രസവാന്തരീക്ഷത്തിൽനിന്ന് സംജാതമാകുന്ന കഥയിൽ ഗർഭിണിയായ അന്നയും അവളുടെ മാതാവായ സാറയും സഹായത്തിനെത്തുന്ന മറിയവും അനാഥത്വത്തിന്റെ പ്രതിനിധികളായി പ്രത്യക്ഷപ്പെടുന്നു. സ്ത്രീക്ക് മാതൃത്വം പോലെയാണല്ലോ പുരുഷന് യുദ്ധവും. സംഘർഷഭരിതമായ സാമൂഹിക അവസ്ഥയിലൂടെയാണ് കഥ ഉടനീളം സഞ്ചരിക്കുന്നത്. സന്നിഹിതമായ യുദ്ധം ആ നാട്ടിലെ സകല ചെറുപ്പക്കാരെയും രാജ്യത്തിന്റെ ചാവേറുകളാക്കി മാറ്റി. ദേശീയത എന്ന വിഷവാക്യത്തിലൂടെ മരണം വഹിക്കാൻ തയ്യാറാകുന്ന ജീവിക്കുന്ന ശവങ്ങളാക്കി അവരെ പുനരുദ്ധാരണം ചെയ്യിപ്പിച്ചു. അതിനിരയാക്കാൻ വിധിക്കപ്പെട്ടവരായിരുന്നു സാറയുടെയും മറിയത്തിന്റെയും മക്കൾ. മറിയത്തിന്റെ മകൻ അന്നയോടുള്ള ഇഷ്ടത്തെയും ആ അവസരത്തിൽ നിർദാക്ഷിണ്യം വധിച്ചുകളഞ്ഞു.

യുദ്ധം കേവലം അനാഥത്വം മാത്രമല്ല സൃഷ്ടിക്കുന്നത്. അതൊരു രോഗാതുരമായ

പൈതൃകത്തെക്കൂടിയാണ്. ഭരണകൂടത്തിന്റെ താൽപര്യത്തിനനുസൃതമായി ആ രാജ്യത്തിലെ മുഴുവൻ യുവജനങ്ങളും രക്തസാക്ഷികളായി മാറി. എന്നാൽ യുദ്ധത്തിന്റെ വിഷധ്വംസനങ്ങൾ അവിടെയും അവസാനിക്കുന്നില്ല. ജീവിച്ചിരിക്കുന്ന എല്ലാ പുരുഷന്മാരിലേക്കും അതിന്റെ ഇരുണ്ട സ്പർശനം വ്യാപിച്ചു. വാർധക്യമായവർ മുതൽ കുഞ്ഞുങ്ങൾ വരെ എന്തിനെന്നും എപ്പോൾ അവസാനിക്കുമെന്നും അറിയാത്ത യുദ്ധത്തിലേക്ക് നടന്നുതുടങ്ങി. അന്നയുടെ അച്ഛനും സാറയുടെ ഭർത്താവുമായ ലാസറും യുദ്ധഭൂമിയിലേക്ക് പോകാൻ ഒരുങ്ങി. സ്വന്തം മകനെ കൊന്ന, ഇനി തന്നെ കൊല്ലാൻ പോകുന്ന ഭാര്യയെയും മകളെയും അനാഥയാക്കാൻ ഒരുങ്ങുന്ന ആ യുദ്ധഭൂമിയിലേക്ക്. പോകുന്നതിനുമുൻപേ അന്ന ലാസറിനോട് ഒരു ആവശ്യം ഉന്നയിക്കുന്നുണ്ട്: 'അപ്പൻ എനിക്ക് മകനായി പിറക്കണം. ഒരാൺതരിയും അവശേഷിക്കാത്ത ഈ ഭൂമിയിൽ അവനിലൂടെ അപ്പന്റെ തുടർച്ചകൾ ഉണ്ടാകണം.' തന്നെ സൃഷ്ടിച്ച ബീജത്തിൽനിന്നും തന്നെ തനിക്ക് സൃഷ്ടികർത്താവാകണം എന്ന കൊടിയ പാപത്തിലൂടെയാണ് കഥ അവസാനിക്കുന്നത്. ബൈബിളിലെ ലോത്തിന്റെയും പുത്രിമാരുടെയും പുരാവൃത്തത്തെ ഓർമ്മിപ്പിക്കുന്ന തരത്തിലായിരുന്നു കഥയുടെ അന്ത്യവും. സദാചാരത്തിന്റെ സ്ഥലകാലഭേദങ്ങളെ തകർത്തെറിയുന്ന കഥ യുദ്ധത്തിന്റെ ഭീകരത മാത്രമല്ല സംസാരിക്കുന്നത്. യുദ്ധം നേടുന്ന വിജയങ്ങൾ ഇത്തരത്തിലുള്ള മനുഷ്യരുടെ മേൽ ആയിരിക്കും എന്ന വസ്തുത കൂടിയാണ്. കഥയിൽ പലയിടങ്ങളിലും ദൈവത്തെ നിഷേധിക്കുകയും വാഴ്ത്തുകയും ചെയ്യുന്നുണ്ട്. യുദ്ധത്തിനും ദൈവത്തിനും കഥയിൽ സമാനാർത്ഥമാണുള്ളത്. ചരിത്രത്തിലൂടെനീളം കണ്ടതും കേട്ടതുമായ യുദ്ധാന്തരീക്ഷത്തെ മുഴുവനായി ലംഘിച്ചുകൊണ്ടാണ് സമകാലിക യുദ്ധങ്ങൾ സംഭവിക്കുന്നത്. കഥയിൽ ഒരു സന്ദർഭത്തിൽ 'എല്ലാ യുദ്ധങ്ങളും സമാധാനത്തിലേക്കുള്ള വഴികളാണ്' എന്ന അശരീരി പുറപ്പെടുന്നുണ്ട്. യുദ്ധങ്ങൾ മാത്രമാണ് സമാധാനത്തിന്റെ വഴി. സുസ്ഥിരമായ ഭൂമിക്കായി, സ്നേഹകൃഷ്ടമായ മനുഷ്യർക്കുവേണ്ടി യുദ്ധങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കും. 'പെക്കാറ്റം' കേവലം ഒരു യുദ്ധവിരുദ്ധ കഥ മാത്രമല്ല. സമകാലിക ഭൂമികയിൽ യുദ്ധം അപനിർമ്മിക്കുന്ന ഭീകരമായ മനുഷ്യാവസ്ഥകളുടെ ഓർമ്മപ്പെടുത്തലുകൾ കൂടിയാണ്.



Muhammad Jaffar, Research Scholar, Department of Malayalam

# SOMEWHERE IN BETWEEN…

"So… do we ever meet again?"
he asked.

"Hmm… I don't know,"
she replied with a soft smile.

His eyes caught her glow—
the twinkling stars in her brown eyes,
the curls that danced with the wind.

A part of him longed
to gently tuck those strands behind her ear.
He took a deep breath,
acting calm around her presence…
yet he could hear his own heartbeat.
He wondered if it whispered her name.

Oh God… how do I stop loving her?
his heart screamed.

As their footsteps moved forward,
somewhere in between,
their hands hugged each other—
fingers holding on.

The red string pulled tighter,
refusing to let go..



SREEDEVI

3RD YEAR COMMUNICATIVE ENGLISH

# प्राकृतिक दुर्घटनाएँ - केरल में

" *ईश्वर का अपना घर* " (GOD'S OWN COUNTRY) कहा जानेवाला " केरल " राज्य अपनी प्राकृतिक सुंदरता के लिए मशहूर है। पश्चिमी घाट कि पहाड़ियों से लेकर अरब सागर के तट तक फैला यह राज्य प्राकृतिक दृष्टि से बहुत ही समृद्ध तथा संवेदनशील हैं। लेकिन पिछले कुछ सालों से हमारा यह राज्य भयंकर और भीषण प्राकृतिक आपदाओं तथा दुर्घटनाओं से जूँझ रही है।

भीषण और अचानक बाढ़, भूस्खलन, समुद्री कटाव, बादल फटना तथा अतिवृष्टि - ऐसी दुर्घटनाएँ पिछले कुछ सालों के बारिश के मौसम में आम बात बन गई हैं। जिले जैसे वायनाड़, इडुक्की, मलप्पुरम में भूस्खलन कोई जान लेवा बनी हुई हैं। इतिहास के सबसे दर्दनाक तथा विनाशकारी त्रासदियों में से एक थी, 2024 के भूस्खलन, जो वायनाड़ जिले के चूरलमला और मुंडक्कयम में हुई थीं। यह घटना सबसे दुखद तथा बुरे सपनों में से एक थी। उन जगह पर रहने वाले अनेकों के घर तबाह हो गए और हजारों कि जान भी नष्ट हो गए। साल 2018 में आई सबसे भयावह बाढ़, केरल के करीब सभी जिले को पानी में डूबा दिया था। अत्यधिक बारिश,और जलबंधकों का अचानक खोलना यह सब बाढ़ के कारण बनी। खेतों में उतनी पानी पकड़कर रखने कि क्षमता नहीं थी और सारे जलाशय भी लबालब भर गए। जिसके कारण जलाशय के आस-पास के सारे प्रदेश पानी में हो गया।इसी कारण लगभग 400 लोगों कि जान चली गई और लाखों के घर नष्ट हो गए ।इसी प्रश्न से 2018 से हर साल जलाशय के आस-पास के लोग झेल रहें हैं। हर साल मानसून के दौरान केरल के लंबे समुद्रतटीय क्षेत्र, तेज़ लहरें, समुद्री कटाव आदि का शिकार होता रहता है। यह भी केरल के तटीय इलाकों में रहने वाले लोगों के लिए कष्टदाई बन गई है। वहाँ के लोगों की आय का स्रोत ही समुद्र था जो इस समुद्री कटाव के कारण नष्ट होता राहत है। इससे मछुवारों को और उनके परिवार को भारी नुकसान पहुंचता है।

अब हम इन बड़े - बड़े प्राकृतिक आपदाओं के कारण जानते हैं। सबसे पहला और मुख्य कारण है, जलवायु परिवर्तन। मानसून के पैटर्न में अनिश्चितता और बहुत काम समय में अत्यधिक मूसलाधार बारिश पिछले कुछ वर्षों से होती रहती है। पश्चिमी घाट जैसे संवेदनशील क्षेत्रों में अनियंत्रित निर्माण, खदानों और वनों की कटाई इन असंतुलित विकसन इस पर्यावरण के परिवर्तन के कारण बने। सॉइल पाइपिंग के कारण ज़मीन के अंदर कि मिट्टी बारिश बहा ले जाती है, जिससे ढलानें धंस जाती है। तीव्र ढलान वाली पहाड़ियों के कारण पानी और मलबे का बहाव बेहद तेज़ हो गई है। ये सब उन प्राकृतिक परिवर्तनों के कारण तो है ही लेकिन कुछ कारण ऐसे भी हैं जो मनुष्य के अत्यधिक दखलंदाज़ी की वजह से बनी हो। जंगलों, पहाड़ों और जलाशयों को नष्ट करना, हद से ज्यादा प्लास्टिक का उपयोग, कारखानों का निर्माण तथा उनमें से निकलनेवाली धुवां और रासपदार्थों स भारी द्रावक, औद्योगीकरण, और शहरीकरण आदि

मनुष्यों के अतिक्रमों के कुछ उदाहरण हैं। इन सारे कारणों कि वजह से केरल के प्राकृतिक और जलवायु परिवर्तन दिन-पे-दिन बदलते रहते हैं।

केरल में जलवायु परिवर्तन को नियंत्रित करने और इसके प्रभावों को कम करने के लिए प्रकृति-आधारित समाधानों और सतत विकास को प्राथमिकता देना आवश्यक है। इसके लिए पश्चिमी घाट के संवेदनशील पारिस्थितिकी तंत्र का संरक्षण सबसे महत्वपूर्ण कदम है, जहाँ वनों की कटाई और पहाड़ियों पर अनियंत्रित निर्माण पर रोक लगानी होगी। इसके अलावा, राज्य की आद्रभूमि और मैंग्रोव को बचाना और पुनः विकसित करना बेहद ज़रूरी है, जो बाढ़ के पानी को सोखने और समुद्री कटाव को रोकने में प्राकृतिक ढाल का काम करते हैं। स्थानीय स्तर पर सस्टेनेबल एग्रीकल्चर (जैसे- जैविक खेती और ढलानदार भूमि पर सीढ़ीदार खेत), वर्षा जल संचयन, और कार्बन उत्सर्जन घटाने के लिए सौर व हरित ऊर्जा को बढ़ावा देकर केरल को जलवायु आपदाओं से सुरक्षित बनाया जा सकता है।

